## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 22.10.2025 മുതൽ 26.10.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| **എ എ എസ് ബുള്ളറ്റിൻ നമ്പർ 42/2025 (84) ചൊവ്വാഴ്ച** | **തീയ്യതി 21/10/2025** |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 22.10.2025 | 23.10.2025 | 24.10.2025 | 25.10.2025 | 26.10.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 18 | 20 | 22 | 20 | 18 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 10 | 5 | 4 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 180 | 180 | 180 | 180 | 200 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത. 2025 ഒക്ടോബർ 21 മുതൽ 25 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ ശക്തമായ കാറ്റിനു സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)

പൊതുനിർദേശങ്ങൾ:-. കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ വിളകൾക്ക് ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ഞാറ് പരുവം | ഓലചുരുട്ടി പുഴു | ഒരു ഏക്കർ പാടശേഖരത്തിനു 2 സി സി ട്രൈക്കോഗ്രാമ്മ മുട്ട കാർഡ് പല കഷണങ്ങളായി മുറിച്ചു വയലിൻറ്റെ പല ഭാഗങ്ങളിലായി ഓലയുടെ അടിഭാഗത്ത് കുത്തി വയ്ക്കുക. അല്ലെങ്കിൽ 2 മി.ലി. ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| തെങ്ങ് | കൂമ്പുചീയൽ | രോഗം ബാധിച്ചു ചീഞ്ഞ ഭാഗങ്ങൾ ചെത്തി മാറ്റി നശിപ്പിച്ചു കളഞ്ഞ ശേഷം ഒരു ശതമാനം ബോർഡോ പേസ്റ്റ് തേച്ചു പിടിപ്പിക്കുക. കൂടാതെ ഒരു ശതമാനം ബോർഡോമിശ്രിതം ഉള്ളിലെ ഇളക്കവിളുകളിൽ വീഴുന്ന വിധം തളിക്കുക. രോഗ ബാധയില്ലാത്ത തെങ്ങുകൾക്കും ഒരു പ്രതിരോധമാർഗ്ഗമെന്നോണം ബോർഡോ മിശ്രിതം തളിക്കുക. |
| വാഴ | പരിപാലനം | വാഴ നേടുന്നതിനുള്ള സമയമാണ്. നിലമൊരുക്കൽ, കുമ്മായമിടൽ, നടീൽ എന്നിവ ചെയ്യാവുന്നതാണ്. |
| ശീതകാല പച്ചക്കറികൾ | നടീലും പരിപാലനവും | ശീതകാല വിളകളായ കാബേജ്, കോളിഫ്ലവർ എന്നിവ ഒക്ടോബർ മുതൽ ഫെബ്രുവരി മാസം വരെയാണ് കൃഷി ചെയ്യുന്നത്. നല്ല നീർവാർച്ചയും സൂര്യപ്രകാശവും ഇളക്കവുമുള്ള മണ്ണാണ് കൃഷിക്കായി തിരഞ്ഞെടുക്കേണ്ടത്. നിലമൊരുക്കുമ്പോൾ മണ്ണിൽ രണ്ടു കിലോ കുമ്മായം സെൻററ്റൊന്നിന് ചേർക്കുക. രണ്ടാഴ്ചക്കു ശേഷം ട്രൈക്കോഡെർമ്മ സമ്പുഷ്ട ചാണകം 100 കിലോ സെൻററ്റൊന്നിന് എന്നതോതിൽ ചേർത്ത് നിലമൊരുക്കുക. ഒക്ടോബർ അവസാനം അല്ലെങ്കിൽ നവംബർ ആദ്യവാരം തന്നെ തൈകൾ പ്രധാന കൃഷിയിടത്തിലേക്ക് പറിച്ചു നടാവുന്നതാണ്. |

മൽസ്യസംരക്ഷണം -: കുളങ്ങളിലെ വെള്ളത്തിൽ അമ്ലത വ്യതിയാനത്തിന് സാധ്യത ഉള്ളതിനാൽ വെള്ളം പരിശോധിച്ച ശേഷം ബണ്ടുകളിൽ ആവശ്യാനുസരണം കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. മത്സ്യക്കുളങ്ങളിലെ വെള്ളത്തിൻറെ ഗുണനിലവാര പരിശോധനയ്ക്കുള്ള സൗകര്യം വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാണ്.